കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# പാസ്പോർട്ട് ആക്റ്റ്, 1967

## (1967-ലെ 15-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1977

വില:

കേന്ദ്ര ഗവൺമെൻറ

നിയമ ന്യായ കമ്പനി മന്ത്രാലയം

# പാസ്പോർട്ട് ആക്ററ്, 1967

## (1967-ലെ 15-ാംനമ്പർ ആക്ററ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

# പാസ്പോർട്ട് ആക്ററ്, 1967

## വകുപ്പുകളുടെ വിന്യാസം

വകുപ്പുകൾ


1. ചുരുക്കപ്പേരും വ്യാപ്തിയും.
2. നിർവ്വചനങ്ങൾ.
3. ഇൻഡ്യയിൽനിന്നുള്ള വിട്ടുപോകലിനുള്ള പാസ്പോർട്ട് അല്ലെങ്കിൽ യാത്രാരേഖ.
4. പാസ്പോർട്ടുകളുടേയും യാത്രാരേഖകളുടേയും തരങ്ങൾ.
5. പാസ്പോർട്ടുകൾ, യാത്രാരേഖകൾ മുതലായവയ്ക്കുള്ള അപേക്ഷകളും അവയിൻമേലുള്ള ഉത്തരവുകളും.
6. പാസ്പോർട്ടുകൾ, യാത്രാരേഖകൾ മുതലായവയുടെ നിരസനം.
7. പാസ്പോർട്ടുകളുടേയും യാത്രാരേഖകളുടേയും കാലദൈർഘ്യം.
8. പാസ്പോർട്ടുകൾ പുതുക്കൽ.
9. പാസ്പോർട്ടുകളുടേയും യാത്രാ രേഖകളുടേയും ഉപാധികളും ഫാറങ്ങളും
10. പാസ്പോർട്ടുകളും യാത്രാരേഖകളും വ്യത്യാസപ്പെടുത്തുന്നതും, ഇംപൗണ്ട് ചെയ്യുന്നതും പിൻവലിക്കുന്നതും.
11. അപ്പീലുകൾ.
12. കുററങ്ങളും ദണ്ഡനങ്ങളും.
13. അറസ്ററ് ചെയ്യാനുള്ള അധികാരം.
14. ശോധനയ്ക്കും പിടിച്ചെടുക്കലിനുമുള്ള അധികാരം.
15. കേന്ദ്രഗവൺമെൻറിൻെറ മുൻകൂട്ടിയുള്ള അനുമതി ആവശ്യകമാണെന്ന്.
16. ഉത്തമവിശ്വാസപൂർവ്വം എടുക്കുന്ന നടപടിയുടെ സംരക്ഷണം.
17. പാസ്പോർട്ടുകളും യാത്രാരേഖകളും കേന്ദ്രഗവൺമെൻറിൻെറ സ്വത്തായിരിക്കുമെന്ന്.
18. 1922-ലെ 7-ാം ആക്ററിൻകീഴിൽ നാടു മാറിപ്പോകാൻ കഴിയാത്ത ആളുകൾക്ക് പാസ്പോർട്ടുകൾ മുതലായവ നല്കാൻ പാടുള്ളതല്ലെന്ന്.
19. ചില രാജ്യങ്ങളിലേക്കുള്ള യാത്രയ്ക്ക് പാസ്പോർട്ടുകളും യാത്രാരേഖകളും അസാധുവാകുമെന്ന്.
20. ഇൻഡ്യൻ പൗരൻമാരല്ലാത്ത ആളുകൾക്ക് പാസ്പോർട്ടുകളും യാത്രാരേഖകളും നല്കുന്നത്.
21. പ്രത്യായോജനം ചെയ്യാനുള്ള അധികാരം.
22. ഒഴിവാക്കാനുള്ള അധികാരം.
23. ആക്ററ്, ചില അധിനിയമങ്ങൾക്ക് പുറമേയാണെന്ന്.
24. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.
25. 1920-ലെ 34-ാം ആക്ററിൻെറ ചുരുക്കപ്പേര് മാററൽ.
26. ചില പാസ്പോർട്ടുകളും അപേക്ഷകളും സംബന്ധിച്ച ഒഴിവാക്കൽ.
27. റദ്ദാക്കലും ഒഴിവാക്കലും.


---

4/1132/S

# പാസ്പോർട്ട് ആക്റ്റ്, 1967

## (1967-ലെ 15-ാം നമ്പർ)

ഇൻഡ്യയിലെ പൗരൻമാരുടേയും മററ് ആളുകളുടേയും ഇൻഡ്യയിൽനിന്നുള്ള വിട്ടുപോകൽ ക്രമപ്പെടുത്തുന്നതിന് പാസ്പോർട്ടുകളും യാത്രാരേഖകളും നല്കുന്നതിനും, അതിന് ആനുഷംഗികമോ സഹായകമോ ആയ വിഷയങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നതിനുള്ള ആക്റ്റ്

[1967 ജൂൺ, 24.]

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ പതിനെട്ടാം സംവത്സരത്തിൽ പാർലമെന്റ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും.—(1) ഈ ആക്റ്റിന്, പാസ്പോർട്ട് ആക്റ്റ്, 1967 എന്നു പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതും, ഇൻഡ്യക്കു വെളിയിലുള്ള ഇൻഡ്യൻ പൗരൻമാർക്കു കൂടി ബാധകമായിരിക്കുന്നതുമാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മററു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "വിട്ടുപോകൽ" എന്നതിനും, അതിന്റെ വ്യാകരണപരമായ രൂപഭേദങ്ങൾക്കും സജാതീയപദങ്ങൾക്കും, ഇൻഡ്യയിൽനിന്നുള്ള ജലമാർഗ്ഗമോ കരമാർഗ്ഗമോ, വായുമാർഗ്ഗമോ ആയ വിട്ടുപോകൽ എന്നർത്ഥമാകുന്നു;

(ഖ) "പാസ്പോർട്ടി"ന്, ഈ ആക്റ്റിൻകീഴിൽ നല്കുന്നതോ നല്കിയിട്ടുള്ളതായി കരുതപ്പെടുന്നതോ ആയ പാസ്പോർട്ട് എന്നർത്ഥമാകുന്നു;

(ഗ) "പാസ്പോർട്ട് അധികാരസ്ഥാന"ത്തിന്, പാസ്പോർട്ടുകളോ യാത്രാരേഖകളോ നല്കാൻ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾക്കു കീഴിൽ പ്രാധികാരപ്പെടുത്തപ്പെടുന്ന ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ എന്നർത്ഥമാകുന്നതും, അതിൽ കേന്ദ്രഗവൺമെന്റ് ഉൾപ്പെടുന്നതുമാകുന്നു.

(ഘ) "നിർണ്ണയിക്കപ്പെടുന്ന" എന്നതിന്, ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന എന്നർത്ഥമാകുന്നു;

(ങ) "യാത്രാരേഖ"യ്ക്ക്, ഈ ആക്റ്റിൻകീഴിൽ നല്കുന്നതോ നല്കിയിട്ടുള്ളതായി കരുതപ്പെടുന്നതോ ആയ യാത്രാരേഖ എന്നർത്ഥമാകുന്നു.

3. ഇൻഡ്യയിൽ നിന്നുള്ള വിട്ടുപോകലിനുള്ള പാസ്പോർട്ട് അല്ലെങ്കിൽ യാത്രാരേഖ.—യാതൊരാളും, ഇൻഡ്യയിൽ നിന്ന് വിട്ടുപോവുകയോ വിട്ടുപോകാൻ ശ്രമിക്കുകയോ, അതിലേയ്ക്കുള്ള സാധുവായ ഒരു പാസ്പോർട്ടോ യാത്രാരേഖയോ ഉണ്ടായിരിക്കാത്ത പക്ഷം, ചെയ്യാൻ പാടുള്ളതല്ല.

വിശദീകരണം—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്,—

(ക) "പാസ്പോർട്ടി"ൽ, ഏതു പാസ്പോർട്ടാണോ ഒരു വിദേശരാജ്യത്തിലെ ഗവൺമെന്റോ, അതിന്റെ പ്രാധികാരത്തിൻകീഴിലോ നല്കിയതായിരിക്കെ, അതു പെടുന്നതരം പാസ്പോർട്ടുകൾ സംബന്ധിച്ച്, പാസ്പോർട്ട് (ഇൻഡ്യയിലേയ്ക്കുള്ള പ്രവേശനം) ആക്റ്റ്, 1920 (1920-ലെ 34)-ൻ കീഴിൽ നിർണ്ണയിക്കപ്പെടുന്ന ഉപാധികൾ നിറവേററുന്നത്, അങ്ങനെയുള്ള പാസ്പോർട്ട് ഉൾപ്പെടുന്നതാകുന്നു;

(ഖ) "യാത്രാരേഖ"യിൽ, ഒരു വിദേശരാജ്യത്തിലെ ഗവൺമെൻേറാ അതിൻെറ പ്രാധികാരത്തിൻ കീഴിലോ നല്കിയതായിരിക്കെ നിർണ്ണയിക്കപ്പെടുന്ന ഉപാധികളം നിറവേററുന്ന യാത്രാരേഖ ഉൾപ്പെടുന്നതാകുന്നു.

4. പാസ്പോർട്ടുകളുടേയും യാത്രാരേഖകളുടേയും തരങ്ങൾ.— (1) ഈ ആക്ററിൻകീഴിൽ താഴെ പറയുന്ന തരം പാസ്പോർട്ടുകൾ നല്കാവുന്നതാണ്, അതായത്,—

(ക) സാധാരണ പാസ്പോർട്ട്;

(ഖ) ഔദ്യോഗിക പാസ്പോർട്ട് ;

(ഗ) നയതന്ത്ര പാസ്പോർട്ട്.

(2) ഈ ആക്ററിൻകീഴിൽ താഴെ പറയുന്ന തരം യാത്രാരേഖകൾ നല്കാവുന്നതാണ്, അതായത്—

(ക) ഒരാളെ ഇൻഡ്യയിൽ പ്രവേശിക്കാൻ പ്രാധികാരപ്പെടുത്തുന്ന അടിയന്തിരാവസ്ഥാ സർട്ടിഫിക്കററ് ;

(ഖ) ഒരാളുടെ അനന്യത സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള അനന്യതാ സർട്ടിഫിക്കററ്;

(ഗ) നിർണ്ണയിക്കപ്പെടുന്ന മററ് സർട്ടിഫിക്കററ് അല്ലെങ്കിൽ രേഖ.

(3) ഈ ആക്ററിൻകീഴിൽ ഏതുതരം ആളുകൾക്കാണോ യഥാക്രമം (1)-ാം ഉപവകുപ്പിലും (2)-ാം ഉപവകുപ്പിലും പരാമർശിച്ചതരം പാസ്പോർട്ടുകളും യാത്രരേഖകളും നല്കാവുന്നത്, ആ തരം ആളുകളെ, കേന്ദ്രഗവൺമെൻറ് ഇതിലേയ്ക്ക്, അത് അനുവർത്തിച്ചുപോരുന്ന വഴക്കവും പതിവുമായി പൊരുത്തപ്പെടുന്നവിധം നിർണ്ണയിക്കേണ്ടതാകുന്നു.

5. പാസ്പോർട്ടുകൾ, യാത്രാരേഖകൾ മുതലായവയ്ക്കുള്ള അപേക്ഷകളും അവയിൻമേലുള്ള ഉത്തരവുകളും.— (1) അപേക്ഷയിൽ വിനിർദ്ദേശിക്കുന്ന വിദേശരാജ്യമോ വിദേശരാജ്യങ്ങളോ സന്ദർശിക്കുന്നതിനായി ഈ ആക്ററിൻകീഴിൽ പാസ്പോർട്ടോ യാത്രാരേഖയോ നല്കുന്നതിനോ അല്ലെങ്കിൽ അങ്ങനെയുള്ള പാസ്പോർട്ടിൻമേലോ യാത്രാരേഖയിൻമേലോ ഒരു എൻഡോഴ്സ്മെൻറിനോ ഉള്ള ഒരു അപേക്ഷ പാസ്പോർട്ട് അധികാരസ്ഥാനത്തേക്ക് കൊടുക്കാവുന്നതും, അതു നിർണ്ണയിക്കപ്പെടുന്ന ഫാറത്തിലുള്ളതും, നിർണ്ണയിക്കപ്പെടുന്ന വിവരങ്ങളടങ്ങിയതും ഇരുപത്തഞ്ചു രൂപയിൽ കവിയാത്ത നിർണ്ണയിക്കപ്പെടുന്ന ഫീസ് (വല്ലതും ഉണ്ടെങ്കിൽ) സഹിതമുള്ളതും ആയിരിക്കേണ്ടതുമാകുന്നു.

(2) അപേക്ഷ കിട്ടുന്നതിൻമേൽ, പാസ്പോർട്ട് അധികാരസ്ഥാനം, ആവശ്യകമെന്ന് കരുതുന്ന അന്വേഷണവിചാരണ വല്ലതുമുണ്ടെങ്കിൽ, അതു ചെയ്തതിനുശേഷം, ഈ ആക്ററിലെ മററു വ്യവസ്ഥകൾക്ക് വിധേയമായി, ലിഖിതമായ ഉത്തരവുവഴി—

(ക) അപേക്ഷയിൽ വിനിർദ്ദേശിക്കുന്ന വിദേശരാജ്യമോ വിദേശരാജ്യങ്ങളോ സംബന്ധിച്ച്, അതതു സംഗതിപോലെ, പാസ്പോർട്ടോ യാത്രാ രേഖയോ എൻഡോഴ്സ്മെൻറ് സഹിതം നല്കുകയോ, അല്ലെങ്കിൽ പാസ്പോർട്ടിൻമേലോ യാത്രാരേഖയിൻമേലോ എൻഡോഴ്സ്മെൻറ് ചേർക്കുകയോ; അല്ലെങ്കിൽ

(ഖ) അപേക്ഷയിൽ വിനിർദ്ദേശിക്കുന്ന വിദേശരാജ്യങ്ങളിൽ, ഒന്നോ അതിലധികമോ എണ്ണം സംബന്ധിച്ച്, അതതു സംഗതിപോലെ,, പാസ്പോർട്ടോ യാത്രാരേഖയോ എൻഡോഴ്സ്മെൻറ് സഹിതം നല്കു

കയോ അല്ലെങ്കിൽ പാസ്പോർട്ടിൻമേലോ യാത്രാരേഖയിൻമേലോ എൻഡോഴ്സ്മെൻറ് ചേർക്കുകയോ ചെയ്യുകയും മററു രാജ്യമോ രാജ്യങ്ങളോ സംബന്ധിച്ച് എൻഡോഴ്മെൻറ് ചേർക്കാൻ വിസമ്മതിക്കുകയും ചെയ്യുകയോ, അല്ലെങ്കിൽ

(ഗ) അതതുസംഗതിപോലെ, പാസ്പോർട്ടോ യാത്രാരേഖയോ നല്കാൻ വിസമ്മതിക്കുകയോ അല്ലെങ്കിൽ, പാസ്പോർട്ടിൻമേലോ യാത്രാരേഖയിൻമേലോ എന്തെങ്കിലും എൻഡോഴ്സ്മെൻറ് ചേർക്കാൻ വിസമ്മതിക്കുകയോ, ചെയ്യേണ്ടതാകുന്നു.

(3) ഏതെങ്കിലും ആളുടെ അപേക്ഷയിൻമേൽ പാസ്പോർട്ട് അധികാരസ്ഥാനം (2)-ാം ഉപവകുപ്പിലെ (ഖ) ഖണ്ഡത്തിനോ (ഗ) ഖണ്ഡത്തിനോ കീഴിൽ ഉത്തരവു ചെയ്യുന്നിടത്ത്, അതു അങ്ങനെ ഉത്തരവ് ചെയ്യുന്നതിനുള്ള കാരണങ്ങളുടെ ഒരു സംക്ഷിപ്ത സ്റേററ്മെൻറ് ലിഖിതമായി റിക്കാർഡാക്കേണ്ടതും, അയാൾക്ക് അതിൻെറ ഒരു പകർപ്പ് നല്കുന്നത്, ഇൻഡ്യയുടെ പരമാധികാരം, അഖണ്ഡത എന്നിവയുടേയോ, ഇൻഡ്യയുടെ സുരക്ഷിതത്വത്തിൻേറയോ, ഏതെങ്കിലും വിദേശ രാജ്യവുമായുള്ള ഇൻഡ്യയുടെ സുഹൃദ്ബന്ധങ്ങളുടേയോ താത്പര്യങ്ങൾക്കോ, അല്ലെങ്കിൽ പൊതുജനതാത്പര്യങ്ങൾക്കോ ഉള്ളതല്ലെന്ന് ഏതെങ്കിലും സംഗതിയിൽ പാസ്പോർട്ട് അധികാരസ്ഥാനത്തിന് അഭിപ്രായമില്ലാത്ത പക്ഷം, ആവശ്യപ്പെടുന്നതിൻമേൽ നല്കേണ്ടതുമാകുന്നു.

6. <u>പാസ്പോർട്ടുകൾ, യാത്രാരേഖകൾ മുതലായവയുടെ നിരസനം.—</u> (1) ഈ ആക്ററിലെ മററു വ്യവസ്ഥകൾക്ക് വിധേയമായി, പാസ്പോർട്ട് അധികാരസ്ഥാനം 5-ാംവകുപ്പ്, (2)-ാം ഉപവകുപ്പിലെ (ഖ) ഖണ്ഡത്തിനോ (ഗ) ഖണ്ഡത്തിനോ കീഴിൽ ഏതെങ്കിലും വിദേശരാജ്യം സന്ദർശിക്കുന്നതിനായുള്ള എൻഡോഴ്സ്മെൻറ് ചേർക്കാൻ താഴെ പറയുന്ന കാരണങ്ങളിൽ ഏതെങ്കിലും ഒന്നോ ഒന്നിലധികമോ എന്നതിൻമേൽ വിസമ്മതിക്കേണ്ടതും, മററു യാതൊരു കാരണത്തിൻമേലും വിസമ്മതിക്കാൻ പാടില്ലാത്തതുമാകുന്നു, അതായത്—

(ക) അപേക്ഷകൻ, അങ്ങനെയുള്ള രാജ്യത്ത് ഇൻഡ്യയുടെ പരമാധികാരത്തിനും അഖണ്ഡതയ്ക്കും, ഭംഗം വരുത്തുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാവുന്നതാണെന്നോ, ഏർപ്പെടാനിടയുണ്ടെന്നോ ഉള്ളത്;

(ഖ) അപേക്ഷകൻെറ, അങ്ങനെയുള്ള രാജ്യത്തിലെ സാന്നിദ്ധ്യം, ഇൻഡ്യയുടെ സുരക്ഷിതത്വത്തിന് ഹാനികരമാകാവുന്നതാണെന്നോ, ഹാനികരമാകാനിടയുണ്ടെന്നോ ഉള്ളത്;

(ഗ) അപേക്ഷകൻെറ അങ്ങനെയുള്ള രാജ്യത്തിലെ സാന്നിദ്ധ്യം, ആ രാജ്യവും അല്ലെങ്കിൽ മറേറതെങ്കിലും രാജ്യവുമായുള്ള ഇൻഡ്യയുടെ സുഹൃദ്ബന്ധങ്ങൾക്ക് ഭംഗം വരുത്താവുന്നതാണെന്നോ ഭംഗംവരുത്താനിടയുണ്ടെന്നോ ഉള്ളത് ;

(ഘ) കേന്ദ്രഗവൺമെൻറിൻെറ അഭിപ്രായത്തിൽ, അപേക്ഷകൻെറ അങ്ങനെയുള്ള രാജ്യത്തിലെ സാന്നിദ്ധ്യം പൊതുതാത്പര്യത്തിനല്ലെന്നുള്ളത്.

(2) ഈ ആക്ററിലെ മററു വ്യവസ്ഥകൾക്ക് വിധേയമായി, പാസ്പോർട്ട് അധികാരസ്ഥാനം, 5-ാംവകുപ്പ് (2)-ാം ഉപവകുപ്പിലെ (ഗ) ഖണ്ഡത്തിൻകീഴിൽ ഏതെങ്കിലും വിദേശരാജ്യം സന്ദർശിക്കുന്നതിനായുള്ള ഒരു പാസ്പോർട്ടോ യാത്രാരേഖയോ നല്കാൻ താഴെപറയുന്ന കാരണങ്ങളിൽ ഏതെങ്കിലും ഒന്നോ അതിലധികമോ എന്നതിൻമേൽ വിസമ്മതിക്കേണ്ടതും, മററു യാതൊരു കാരണത്തിൻമേലും വിസമ്മതിക്കാൻ പാടില്ലാത്തതുമാകുന്നു, അതായത്—

(ക) അപേക്ഷകൻ ഇൻഡ്യൻ പൗരനല്ലെന്നുള്ളത്;

(ഖ) അപേക്ഷകൻ ഇൻഡ്യക്ക് വെളിയിൽ ഇൻഡ്യയുടെ പരമാധികാരത്തിനും അഖണ്ഡതക്കും ഭംഗം വരുത്തുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാവുന്നതാണെന്നോ ഏർപ്പെടാനിടയുണ്ടെന്നോ ഉള്ളത്;

(ഗ) അപേക്ഷകന്റെ ഇൻഡ്യയിൽനിന്നുള്ള വിട്ടുപോകൽ ഇൻഡ്യയുടെ സുരക്ഷിതത്വത്തിന് ഹാനികരമാകാവുന്നതാണെന്നോ ഹാനികരമാകാനിടയുണ്ടെന്നോ ഉള്ളത്;

(ഘ) അപേക്ഷകന്റെ ഇൻഡ്യയ്ക്കു വെളിയിലുള്ള സാന്നിദ്ധ്യം ഏതെങ്കിലും വിദേശ രാജ്യവുമായുള്ള ഇൻഡ്യയുടെ സുഹൃദ് ബന്ധങ്ങൾക്ക് ഭംഗംവരുത്താവുതാണെന്നാണോ ഭംഗംവരുത്താനിടയുണ്ടെന്നോ ഉള്ളത്;

(ങ) അപേക്ഷകൻ, തന്റെ അപേക്ഷയുടെ തീയതിക്ക് തൊട്ടു മുമ്പുള്ള അഞ്ചുവർഷക്കാലത്തിനിടയിൽ ഏതെങ്കിലും സമയം സാൻമാർഗ്ഗികാധ:പതനം ഉൾക്കൊള്ളുന്ന ഏതെങ്കിലും കുററത്തിന്, ഇൻഡ്യയിലെ ഒരു കോടതിയാൽ കുററസ്ഥാപനം ചെയ്യപ്പെടുകയും, അതു സംബന്ധിച്ച് അയാൾക്ക് രണ്ടു വർഷത്തിൽ കുറയാത്ത തടവ് ശിക്ഷ വിധിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ളത്;

(ച) അപേക്ഷകൻ ചെയ്തതായി പറയുന്ന ഒരു കുററം സംബന്ധിച്ച നടപടികൾ ഇൻഡ്യയിലെ ഒരു ക്രിമിനൽ കോടതിയിൽ നിലവിലുണ്ടെന്നുള്ളത്;

(ഛ) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻ കീഴിൽ ഒരു കോടതി, അപേക്ഷകൻ ഹാജരാകാനുള്ള ഒരു വാറന്റോ സമൺസോ അല്ലെങ്കിൽ അയാളുടെ അറസ്ററിനുള്ള ഒരു വാറന്റോ പുറപ്പെടുവിക്കുകയോ, അല്ലെങ്കിൽ, അങ്ങനെയുള്ള ഏതെങ്കിലും കോടതി അപേക്ഷകന്റെ ഇൻഡ്യയിൽ നിന്നുള്ള വിട്ടുപോകൽ നിരോധിച്ചുകൊണ്ടുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്തിട്ടുണ്ടെന്നുള്ളത്;

(ജ) അപേക്ഷകൻ, സ്വദേശ പ്രത്യാവർത്തനം ചെയ്യപ്പെട്ടിട്ടുണ്ടെന്നും, അങ്ങനെയുള്ള സ്വദേശ പ്രത്യാവർത്തനം സംബന്ധിച്ച് നേരിട്ടുള്ള ചെലവുകൾ പ്രതിപൂരണം ചെയ്യപ്പെട്ടിട്ടില്ലെന്നും ഉള്ളത്;

(ഝ) കേന്ദ്രഗവൺമെന്റിന്റെ അഭിപ്രായത്തിൽ അപേക്ഷകന് ഒരു പാസ്പോർട്ടോ യാത്രാരേഖയോ നല്കുന്നത് പൊതു താത്പര്യത്തിനല്ലെന്നുള്ളത്.

7. പാസ്പോർട്ടുകളുടേയും യാത്രാരേഖകളുടേയും കാലദൈർഘ്യം.—ഒരു പാസ്പോർട്ടോ യാത്രാരേഖയോ നിർണ്ണയിക്കപ്പെടുന്ന കാലാവധിയോളം, അതിന്മുമ്പേ പിൻവലിക്കപ്പെടാത്തപക്ഷം, പ്രാബല്യത്തിൽ തുടരുന്നതും, വ്യത്യസ്തതരം പാസ്പോർട്ടുകൾക്കോ യാത്രാരേഖകൾക്കോ, അല്ലെങ്കിൽ അങ്ങനെയുള്ള ഓരോ തരത്തിലുംപെട്ട വ്യത്യസ്തവിഭാഗം പാസ്പോർട്ടുകൾക്കോ യാത്രാരേഖകൾക്കോ വ്യത്യസ്ത കാലാവധികൾ നിർണ്ണയിക്കാവുന്നതുമാകുന്നു:

എന്നാൽ, താഴെപറയുന്ന സംഗതികളിൽ, ഒരു പാസ്പോർട്ടോ ഒരു യാത്രാരേഖയോ നിർണ്ണയിക്കപ്പെടുന്ന കാലാവധിയിൽ കുറവായ ഒരു കാലാവധിക്ക് നല്കാവുന്നതാണ്,

(ക) അതു ആവശ്യപ്പെടുന്ന ആൾ അപ്രകാരം ആഗ്രഹിക്കുന്നുവെങ്കിൽ; അല്ലെങ്കിൽ

(ഖ) പാസ്പോർട്ട് അധികാരസ്ഥാനം, അപേക്ഷകനെ, ലിഖിതമായി അറിയിക്കേണ്ട കാരണങ്ങളാൽ പാസ്പോർട്ടോ യാത്രാരേഖയോ ഏതെങ്കിലും സംഗതിയിൽ, കുറഞ്ഞ ഒരു കാലത്തേക്ക് നല്കേണ്ടതാണെന്നു കരുതുന്നുവെങ്കിൽ.

8. പാസ്പോർട്ടുകൾ പുതുക്കൽ.—പാസ്പോർട്ട് അധികാരസ്ഥാനം, ലിഖിതമായി രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ ഏതെങ്കിലും സംഗതിയിൽ മററുവിധത്തിൽ നിർദ്ദേശിക്കാത്തപക്ഷം ഏതൊരു പാസ്പോർട്ടും, എത്ര കാലത്തേക്കാണോ പാസ്പോർട്ട് ആദ്യം നല്കിയിരുന്നത്, അത്രകാലത്തേക്ക് പുതുക്കാവുന്നതാണ്. പുതുക്കുന്നതും, (ഫീസ് സംബന്ധമായ വ്യവസ്ഥകൾ ഉൾപ്പെടെ) ഈ ആക്ടിലെ വ്യവസ്ഥകൾ പാസ്പോർട്ട് നല്കലിന് ബാധകമാകുന്നതു പോലെ, അതിന്റെ പുതുക്കലിനും ബാധകമായിരിക്കുന്നതാണ്.

9. പാസ്പോർട്ടുകളുടേയും യാത്രാരേഖകളുടേയും ഉപാധികളും ഫാറങ്ങളും.—ഏതു ഉപാധികൾക്ക് വിധേയമായും, ഏതു ഫാറത്തിലും ആണ്, പാസ്പോർട്ടോ യാത്രാരേഖയോ നല്കുകയോ പുതുക്കുകയോ ചെയ്യാവുന്നത്, ആ ഉപാധികളും ഫാറവും നിർണ്ണയിക്കപ്പെടുന്ന വിധത്തിലായിരിക്കുന്നതാണ്:

എന്നാൽ, വ്യത്യസ്തതരം പാസ്പോർട്ടുകൾക്കോ യാത്രാരേഖകൾക്കോ അല്ലെങ്കിൽ അങ്ങനെയുള്ള ഓരോതരത്തിലുംപെട്ട വ്യവസ്തതരം പാസ്പോർട്ടുകൾക്കോ യാത്രാരേഖകൾക്കോ വ്യത്യസ്ത ഉപാധികളും വ്യത്യസ്ത ഫാറങ്ങളും നിർണ്ണയിക്കാവുന്നതാണ്:

എന്നുമാത്രമല്ല, ഒരു പാസ്പോർട്ടിലോ യാത്രാരേഖയിലോ, നിർണ്ണയിക്കപ്പെടുന്ന ഉപാധികൾക്ക് പുറമേ പാസ്പോർട്ട് അധികാരസ്ഥാനം കേന്ദ്ര ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, ഏതെങ്കിലും പ്രത്യേക സംഗതിയിൽ ചുമത്തുന്ന മററു ഉപാധികളും അടങ്ങിയിരിക്കാവുന്നതാണ്.

10. പാസ്പോർട്ടുകളും യാത്രാരേഖകളും വ്യത്യാസപ്പെടുത്തുന്നതും, ഇംപൗണ്ട് ചെയ്യുന്നതും പിൻവലിക്കുന്നതും.—(1) പാസ്പോർട്ട് അധികാരസ്ഥാനത്തിന്, 6-ാം വകുപ്പ് (1)-ാം ഉപവകുപ്പ ലെ വ്യവസ്ഥകളോ, 19-ാം വകുപ്പിൻ കീഴിലെ ഏതെങ്കിലും വിജ്ഞാപനമോ പരിഗണിച്ച് ഒരു പാസ്പോർട്ടിൻമേലോ യാത്രാരേഖയിൻമേലോ ഉള്ള എൻഡോഴ്സ്മെൻറുകൾ വ്യത്യാസപ്പെടുത്തുകയോ റദ്ദാക്കുകയോ ചെയ്യുകയോ, അല്ലെങ്കിൽ ഏത് ഉപാധികൾക്കു വിധേയമായാണോ ഒരു പാസ്പോർട്ടോ യാത്രാരേഖയോ നല്കിയിട്ടുള്ളത് ആ ഉപാധികൾ (നിർണ്ണയിക്കപ്പെടുന്ന ഉപാധികൾ അല്ലാത്തവ) കേന്ദ്ര ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, വ്യത്യാസപ്പെടുത്തുകയോ റദ്ദാക്കുകയോ ചെയ്യുകയോ ചെയ്യാവുന്നതും, അതിനുവേണ്ടി, ഒരു പാസ്പോർട്ടിന്റെയോ യാത്രാരേഖയുടേയോ ധാരകനോട് ലിഖിതമായ നോട്ടീസ് വഴി ആ പാസ്പോർട്ടോ യാത്രാരേഖയോ നോട്ടീസിൽ വിനിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ, പാസ്പോർട്ട് അധികാരസ്ഥാനത്തിന് വിട്ടുകൊടുക്കണമെന്ന് ആവശ്യപ്പെടാവുന്നതും, ധാരകൻ അങ്ങനെയുള്ള നോട്ടീസ് അനുസരിച്ച് പ്രവർത്തിക്കേണ്ടതുമാകുന്നു.

(2) പാസ്പോർട്ട് അധികാരസ്ഥാനത്തിന്, ഒരു പാസ്പോർട്ടിന്റേയോ യാത്രാരേഖയുടേയോ ധാരകന്റെ അപേക്ഷയിൻമേലും, കേന്ദ്രഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടും, പാസ്പോർട്ടിന്റേയോ യാത്രാരേഖയുടേയോ ഉപാധികൾ (നിർണ്ണയിക്കപ്പെടുന്ന ഉപാധികൾ അല്ലാത്തവ) വ്യത്യാസപ്പെടുത്തുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതും ആണ്.

(3) പാസ്പോർട്ട് അധികാരസ്ഥാനത്തിന് താഴെ പറയുന്ന സംഗതികളിൽ, ഒരു പാസ്പോർട്ടോ യാത്രാരേഖയോ ഇംപൌണ്ട് ചെയ്യുകയോ ചെയ്യിക്കുകയോ, അല്ലെങ്കിൽ പിൻവലിക്കുകയോ ചെയ്യാവുന്നതാണ്—

(ക) ആ പാസ്പോർട്ടിന്റേയോ യാത്രാരേഖയുടേയോ ധാരകൻ, അത് അന്യായമായി കൈവശംവച്ചിരിക്കുകയാണെന്ന് പാസ്പോർട്ട് അധികാരസ്ഥാനത്തിനു ബോദ്ധ്യമാകുന്നുവെങ്കിൽ;

(ഖ) ആ പാസ്പോർട്ടോ യാത്രാരേഖയോ നേടിയത്, സാരമായ വിവരം മൂടിവച്ചതുവഴിയോ, അല്ലെങ്കിൽ പാസ്പോർട്ടിന്റേയോ യാത്രാരേഖയുടേയോ ധാരകനോ, അയാൾക്കുവേണ്ടി മററതെങ്കിലും ആളോ നല്കിയ തെററായ വിവരത്തിന്റെ അടിസ്ഥാനത്തിൻമേലോ ആണെങ്കിൽ;

(ഗ) അപ്രകാരം ചെയ്യുന്നത്, ഇൻഡ്യയുടെ പരമാധികാരത്തിന്റേയും അഖണ്ഡതയുടേയും, ഇൻഡ്യയുടെ സുരക്ഷിതത്വത്തിന്റേയും ഏതെങ്കിലും വിദേശരാജ്യവുമായുള്ള ഇൻഡ്യയുടെ സുഹൃദ്ബന്ധങ്ങളുടേയും താത്പര്യങ്ങൾക്കുവേണ്ടിയോ പൊതുജന താത്പര്യങ്ങൾക്കുവേണ്ടിയോ ആവശ്യകമാണെന്ന് പാസ്പോർട്ട് അധികാരസ്ഥാനത്തിന് തോന്നുന്നുവെങ്കിൽ;

(ഘ) ആ പാസ്പോർട്ടിന്റേയോ യാത്രാരേഖയുടേയോ ധാരകൻ, പാസ്പോർട്ടോ യാത്രാരേഖയോ നല്കപ്പെട്ടതിനുശേഷം, ഏതെങ്കിലും സമയത്ത് സാൻമാർഗ്ഗികമധഃപതനം ഉൾക്കൊള്ളുന്ന ഏതെങ്കിലും കുററത്തിന് ഇൻഡ്യയിലെ ഒരു കോടതിയാൽ കുററസ്ഥാപനം ചെയ്യപ്പെടുകയും, അതു സംബന്ധിച്ച് അയാൾക്ക് രണ്ടു വർഷത്തിൽ കുറയാത്ത തടവുശിക്ഷ വിധിക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിൽ;

(ങ) ആ പാസ്പോർട്ടിന്റേയോ യാത്രാരേഖയുടേയോ ധാരകൻ ചെയ്തതായി പറയുന്ന ഒരു കുററം സംബന്ധിച്ച നടപടികൾ ഇൻഡ്യയിലെ ഒരു ക്രിമിനൽകോടതി മുമ്പാകെ നിലവിലുണ്ടെങ്കിൽ;

(ച) പാസ്പോർട്ടിന്റേയോ യാത്രാരേഖയുടേയോ ഉപാധികളിൽ ഏതെങ്കിലും ഉല്ലംഘിക്കപ്പെട്ടിട്ടുണ്ടെങ്കിൽ;

(ഛ) ആ പാസ്പോർട്ടിന്റേയോ യാത്രാരേഖയുടേയോ ധാരകൻ, അതു വിട്ടുകൊടുക്കാൻ ആവശ്യപ്പെടുന്ന (1)-ാം ഉപവകുപ്പിൻ കീഴിലെ ഒരു നോട്ടീസ് അനുസരിച്ചു പ്രവർത്തിക്കാതിരുന്നിട്ടുണ്ടെങ്കിൽ;

(ജ) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ ഒരു കോടതി ആ പാസ്പോർട്ടിന്റേയോ യാത്രാരേഖയുടേയോ ധാരകൻ ഹാജരാകാനുള്ള ഒരു വാറൻറോ സമൺസോ, അല്ലെങ്കിൽ അയാളുടെ അറസ്ററിനുള്ള ഒരു വാറൻേറാ പുറപ്പെടുവിച്ചിട്ടുള്ളതായി പാസ്പോർട്ട് അധികാരസ്ഥാനത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയോ, അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും കോടതി, പാസ്പോർട്ടിന്റേയോ മററു യാത്രാരേഖയുടേയോ ധാരകന്റെ ഇൻഡ്യയിൽ നിന്നുള്ള വിട്ടുപോകൽ നിരോധിച്ചുകൊണ്ടുള്ള ഒരു ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയോ ചെയ്യുകയും, വാറൻേറാ സമൺസോ അപ്രകാരം പുറപ്പെടുവിച്ചിട്ടുണ്ടെന്നോ അല്ലെങ്കിൽ ഒരു ഉത്തരവ് അപ്രകാരം പുറപ്പെടുവിച്ചിട്ടുണ്ടെന്നോ പാസ്പോർട്ട് അധികാരസ്ഥാനത്തിന് ബോദ്ധ്യമാവുകയും ചെയ്യുന്നുവെങ്കിൽ.

(4) പാസ്പോർട്ട് അധികാരസ്ഥാനത്തിന് പാസ്പോർട്ടിന്റെയോ യാത്രാരേഖയുടേയോ ധാരകന്റെ അപേക്ഷയിൻമേൽ അതു പിൻവലിക്കാവുന്നതുമാണ്.

(5) പാസ്പോർട്ട് അധികാരസ്ഥാനം. (1)-ാം ഉപവകുപ്പിൻകീഴിൽ ഒരു പാസ്പോർട്ടിൻമേലോ, യാത്രാരേഖയിൻമേലോ ഉള്ള എൻഡോഴ്സ്മെൻറുകൾ വ്യത്യാസപ്പെടുത്തുകയോ റദ്ദാക്കുകയോ, അല്ലെങ്കിൽ അതിന്റെ ഉപാധികൾ വ്യത്യാസപ്പെടുത്തുകയോ ചെയ്യുന്ന ഒരു ഉത്തരവോ അല്ലെങ്കിൽ (3)-ാം ഉപവകുപ്പിൻകീഴിൽ ഒരു പാസ്പോർട്ടോ യാത്രാരേഖയോ ഇംപൗണ്ട് ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുന്ന ഒരു ഉത്തരവോ പുറപ്പെടുവിക്കുന്നിടത്ത്, അധികാരസ്ഥാനം, അങ്ങനെയുള്ള ഉത്തരവു പുറപ്പെടുവിക്കുന്നതിനുള്ള കാരണങ്ങളുടെ ഒരു സംക്ഷിപ്ത സ്റ്റേറ്റ്മെൻറ് ലിഖിതമായി റിക്കാർഡാക്കേണ്ടതും, പാസ്പോർട്ടിന്റെയോ യാത്രാരേഖയുടേയോ ധാരകൻ അതിന്റെ ഒരു പകർപ്പുനല്കുന്നത്, ഇൻഡ്യയുടെ പരമാധികാരം, അഖണ്ഡത എന്നിവയുടേയോ, ഇൻഡ്യയുടെ സുരക്ഷിതത്വത്തിന്റെയോ ഏതെങ്കിലും വിദേശ രാജ്യവുമായുള്ള ഇൻഡ്യയുടെ സുഹൃദ്ബന്ധങ്ങളുടേയോ താത്പര്യങ്ങൾക്കോ അല്ലെങ്കിൽ പൊതുജന താത്പര്യങ്ങൾക്കോ അല്ലെന്ന് ഏതെങ്കിലും സംഗതിയിൽ പാസ്പോർട്ട് അധികാരസ്ഥാനത്തിന് അഭിപ്രായമില്ലാത്തപക്ഷം, ആവശ്യപ്പെടുന്നതിൻമേൽ അപ്രകാരം നല്കേണ്ടതുമാകുന്നു.

(6) ഏത് അധികാരസ്ഥാനത്തിനാണോ പാസ്പോർട്ട് അധികാരസ്ഥാനം കീഴിലായിരിക്കുന്നത്, ആ അധികാരസ്ഥാനത്തിന്, ഒരു പാസ്പോർട്ടോ യാത്രാരേഖയോ ആ പാസ്പോർട്ട് അധികാരസ്ഥാനത്തിന് ഇംപൗണ്ട് ചെയ്യുകയോ ചെയ്യിക്കുകയോ പിൻവലിക്കുകയോ ചെയ്യാവുന്ന ഏതെങ്കിലും കാരണത്തിൻമേൽ ലിഖിതമായ ഉത്തരവുവഴി ഇംപൗണ്ട് ചെയ്യുകയോ ചെയ്യിക്കുകയോ പിൻവലിക്കുകയോ ചെയ്യാവുന്നതും, ഈ വകുപ്പിലെ മുൻപറഞ്ഞ വ്യവസ്ഥകൾ, ആകുന്നിടത്തോളം, അങ്ങനെയുള്ള അധികാരസ്ഥാനം ഒരു പാസ്പോർട്ടോ യാത്രാരേഖയോ ഇംപൗണ്ട് ചെയ്യുകയോ പിൻവലിക്കുകയോ ചെയ്യുന്നതു സംബന്ധിച്ച് ബാധകമായിരിക്കുന്നതുമാണ്.

(7) ഒരു പാസ്പോർട്ടിന്റെയോ യാത്രാരേഖയുടേയോ ധാരകനെ, ഈ ആക്റ്റിനോ അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾക്കോ കീഴിൽ ഏതെങ്കിലും കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്യുന്ന കോടതിക്ക് പാസ്പോർട്ടോ യാത്രാരേഖയോ പിൻവലിക്കുകയും ചെയ്യാവുന്നതാണ്:

എന്നാൽ, അപ്പീലിലോ മറ്റുവിധത്തിലോ കുറ്റസ്ഥാപനം ദുർബലപ്പെടുത്തുന്നുവെങ്കിൽ ആ പിൻവലിക്കൽ ശൂന്യമാകുന്നതാണ്.

(8) ഒരു അപ്പീൽ കോടതിക്കോ ഹൈക്കോടതിക്കോ അതിന്റെ റിവിഷൻ അധികാരങ്ങൾ പ്രയോഗിക്കുമ്പോഴും (7)-ാം ഉപവകുപ്പിൻകീഴിലെ ഒരു പിൻവലിക്കൽ ഉത്തരവു പുറപ്പെടുവിക്കാവുന്നതാണ്.

(9) ഒരുപാസ്പോർട്ടോ യാത്രാരേഖയോ ഈ വകുപ്പിൻകീഴിൽ പിൻവലിക്കപ്പെടുന്നതിൻമേൽ, അതിന്റെ ധാരകൻ ആ പാസ്പോർട്ടോ യാത്രാരേഖയോ, മുൻപേ ഇംപൗണ്ട് ചെയ്യപ്പെട്ടിട്ടില്ലെങ്കിൽ, അതു കാലതാമസം കൂടാതെ, അതു പിൻവലിച്ച അധികാരസ്ഥാനത്തിനോ, അല്ലെങ്കിൽ പിൻവലിക്കൽ ഉത്തരവിൽ ഇതിലേയ്ക്ക് വിനിർദ്ദേശിക്കുന്ന മറ്റ് അധികാരസ്ഥാനത്തിനോ വിട്ടുകൊടുക്കേണ്ടതാകുന്നു.

11. <u>അപ്പീലുകൾ.—</u> (1) 5-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെ (ഖ) ഖണ്ഡത്തിനോ (ഗ) ഖണ്ഡത്തിനോ അല്ലെങ്കിൽ 7-ാം വകുപ്പിന്റെ പരിമിതി വ്യവസ്ഥയിലെ (ഖ) ഖണ്ഡത്തിനോ, അല്ലെങ്കിൽ 10-ാം വകുപ്പ് (1)-ാം ഉപ

വകുപ്പിനോ (3)-ാം ഉപവകുപ്പിനോ കീഴിലെ പാസ്പോർട്ട് അധികാരസ്ഥാനത്തിന്റെ ഉത്തരവിനാലോ, അല്ലെങ്കിൽ ഏത് അധികാരസ്ഥാനത്തിനാണോ പാസ്പോർട്ട് അധികാരസ്ഥാനം കീഴിലായിരിക്കുന്നത്, ആ അധികാരസ്ഥാനത്തിന്റെ, 10-ാം വകുപ്പു (6)-ാം ഉപവകുപ്പിൻകീഴിലെ ഒരു ഉത്തരവിനാലോ സങ്കടക്കാരനായ ഏതെങ്കിലും ആൾക്ക്, ആ ഉത്തരവിന് എതിരായി നിർണ്ണയിക്കപ്പെടുന്ന അധികാരസ്ഥാനത്തേയ്ക്കും, ഇതിൽ ഇതിനുശേഷം (അപ്പീൽ അധികാരസ്ഥാനമെന്ന് പരാമർശിക്കപ്പെടുന്നത്) നിർണ്ണയിക്കപ്പെടുന്ന സമയത്തിനുള്ളിലും അപ്പീൽ കൊടുക്കാവുന്നതാണ് :

എന്നാൽ, കേന്ദ്രഗവൺമെന്റ് പുറപ്പെടുവിക്കുന്ന ഏതെങ്കിലും ഉത്തരവിന് എതിരായി യാതൊരപ്പീലും കൊടുക്കാവുന്നതല്ല.

(2) യാതൊരപ്പീലും, അതിൽ നിർണ്ണയിക്കപ്പെടുന്ന കാലാവധി കഴിഞ്ഞതിനുശേഷമാണ് അതുകൊടുക്കുന്നതെങ്കിൽ, സ്വീകരിക്കപ്പെടുന്നതല്ല;

എന്നാൽ, ഒരു അപ്പീൽ അതിന് നിർണ്ണയിക്കപ്പെട്ടിട്ടുള്ള കാലാവധിക്കുള്ളിൽ കൊടുക്കാതിരിക്കാൻ തനിക്ക് മതിയായ കാരണമുണ്ടായിരുന്നുവെന്ന് അപ്പീൽവാദി അപ്പീൽ അധികാരസ്ഥാനത്തെ ബോദ്ധ്യപ്പെടുത്തുന്നുവെങ്കിൽ, അപ്പീൽ ആ കാലാവധി കഴിഞ്ഞതിനുശേഷം സ്വീകരിക്കാവുന്നതാണ്.

(3) അപ്പീലിന് നിർണ്ണയിക്കപ്പെട്ടിട്ടുള്ള കാലാവധി, കാലഹരണ കാലാവധികൾ കണക്കുകൂട്ടുന്നത് സംബന്ധിച്ചുള്ള കാലഹരണ ആക്ററ്, 1963 (1963-ലെ 36)-ലെ വ്യവസ്ഥകൾ അനുസരിച്ച് കണക്കുകൂട്ടുന്നതാകുന്നു.

(4) ഈ വകുപ്പിലെ ഏതൊരു അപ്പീലും, ലിഖിതമായ ഹർജ്ജി മുഖേന കൊടുക്കേണ്ടതും, ഏത് ഉത്തരവിന് എതിരായാണോ അപ്പീൽ ചെയ്തിട്ടുള്ളത്, ആ ഉത്തരവിനുള്ള കാരണങ്ങളുടെ സ്റേറററ്മെന്റിന്റെ ഒരു പകർപ്പ്, അപ്പീൽ വാദിക്ക് നല്കിയിട്ടുള്ളിടത്ത്, അങ്ങനെയുള്ള ഒരു പകർപ്പും, ഇരുപത്തഞ്ചു രൂപയിൽ കവിയാത്തതും നിർണ്ണയിക്കപ്പെടുന്നതുമായ ഫീസും (വല്ലതും ഉണ്ടെങ്കിൽ) സഹിതം ഹാജരാക്കേണ്ടതുമാകുന്നു.

(5) അപ്പീൽ തീർച്ച ചെയ്യുന്നതിൽ അപ്പീൽ അധികാരസ്ഥാനം നിർണ്ണയിക്കപ്പെടുന്ന നടപടിക്രമം അനുവർത്തിക്കേണ്ടതാണ്:

എന്നാൽ, യാതൊരു അപ്പീലും, തന്റെ കേസ് ബോധിപ്പിക്കാൻ അപ്പീൽ വാദിക്ക് ന്യായമായ അവസരം നല്കിയിട്ടില്ലാത്ത പക്ഷം, തീർച്ച ചെയ്യാൻ പാടുള്ളതല്ല.

(6) ഏത് ഉത്തരവിന് എതിരായാണോ അപ്പീൽ ചെയ്തിട്ടുള്ളത്, ആ ഉത്തരവ് സ്ഥിരപ്പെടുത്തുന്നതോ രൂപഭേദപ്പെടുത്തുന്നതോ, മറിച്ച് വിധിക്കുന്നതോ ആയ അപ്പീൽ അധികാരസ്ഥാനത്തിന്റെ ഏതൊരു ഉത്തരവും അന്തിമമായിരിക്കുന്നതാണ്.

12. <u>കുററങ്ങളും ദണ്ഡനങ്ങളും</u>—. (1) ഏതൊരാളാണോ—

(ക) 3-ാം വകുപ്പിലെ വ്യവസ്ഥകൾ ഉല്ലംഘിക്കുന്നത്; അല്ലെങ്കിൽ

(ഖ) ഈ ആക്ററിൻ കീഴിൽ പാസ്പോർട്ടോ യാത്രാരേഖയോ ലഭിക്കുക എന്ന ലക്ഷ്യത്തോടെ, ബോധപൂർവ്വം വ്യാജമായ ഏതെങ്കിലും വിവരം നല്കുകയോ, സാരമായ ഏതെങ്കിലും വിവരം മൂടിവയ്ക്കുകയോ, അല്ലെങ്കിൽ നിയമാനുസൃതമായ പ്രാധികാരം കൂടാതെ ഒരു പാസ്പോർട്ടിലോ യാത്രാരേഖയിലോ ചേർത്തിട്ടുള്ള ഉൾക്കുറിപ്പുകൾ വ്യത്യാസപ്പെടുത്തുകയോ വ്യത്യാസപ്പെടുത്താൻ ശ്രമിക്കുകയോ വ്യത്യാസപ്പെടുത്തിക്കുകയോ ചെയ്യുന്നത്, അല്ലെങ്കിൽ

(ഗ) തന്റെ പാസ്പോർട്ടോ യാത്രാരേഖയോ (ഈ ആക്റ്റിൻകീഴിൽ നല്കിയിട്ടുള്ളതായാലും അല്ലെങ്കിലും) പരിശോധനയ്ക്ക് ഹാജരാക്കാൻ നിർണ്ണയിക്കപ്പെടുന്ന അധികാരസ്ഥാനം ആവശ്യപ്പെടുമ്പോൾ, അപ്രകാരം ചെയ്യാതിരിക്കുന്നത്; അല്ലെങ്കിൽ

(ഘ) മറ്റൊരാൾക്ക് നല്കിയിട്ടുള്ള ഒരു പാസ്പോർട്ടോ യാത്രാരേഖയോ ബോധപൂർവ്വം ഉപയോഗിക്കുന്നത്; അല്ലെങ്കിൽ

(ങ) തനിക്ക് നല്കിയിട്ടുള്ള ഒരു പാസ്പോർട്ടോ യാത്രാരേഖയോ മറ്റൊരാൾ ഉപയോഗിക്കാൻ ബോധപൂർവ്വം അനുവദിക്കുന്നത്,

അയാൾ ആറു മാസത്തോളമാകാവുന്ന കാലത്തെ തടവു ശിക്ഷയോ രണ്ടായിരം രൂപയോളമാകാവുന്ന പിഴ ശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുറ്റത്തിന് പ്രേരണ നല്കുന്ന ഏതൊരാളും പ്രേരണയുടെ അനന്തരഫലമായി പ്രേരിപ്പിക്കപ്പെട്ട കൃത്യം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ ആ ഉപവകുപ്പിൻ കീഴിൽ ആ കുറ്റത്തിന് വ്യവസ്ഥചെയ്തിട്ടുള്ള ശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(3) ഏതെങ്കിലും ആൾ ഒരു പാസ്പോർട്ടിന്റേയോ യാത്രാരേഖയുടേയോ ഏതെങ്കിലും ഉപാധിയോ അല്ലെങ്കിൽ ഈ ആക്റ്റിലേയോ അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടത്തിലേയോ ഏതെങ്കിലും വ്യവസ്ഥയോ ഉല്ലംഘിക്കുകയും, അതിന് ഈ ആക്റ്റിൽ മറ്റൊരിടത്തും യാതൊരു ശിക്ഷയും വ്യവസ്ഥ ചെയ്തിട്ടില്ലാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, അയാൾ മൂന്നുമാസത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ, അഞ്ഞൂറു രൂപയോളമാകാവുന്ന പിഴശിക്ഷയോ, അല്ലെങ്കിൽ രണ്ടുംകൂടിയോനല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(4) ഈ ആക്റ്റിൻകീഴിലെ ഒരു കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്യപ്പെട്ടിരിക്കെ, ഈ ആക്റ്റിൻകീഴിലെ ഒരു കുറ്റത്തിന് വീണ്ടും കുറ്റസ്ഥാപനം ചെയ്യപ്പെടുന്ന ഏതൊരാളും രണ്ടാമതു പറഞ്ഞ കുറ്റത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള ദണ്ഡനത്തിന്റെ ഇരട്ടി നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

13. <u>അറസ്റ്റ് ചെയ്യാനുള്ള അധികാരം.</u>—(1) ഏതൊരാൾക്ക് എതിരായാണോ, അയാൾ 12-ാം വകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുറ്റം ചെയ്തിട്ടുള്ളതായി ന്യായമായ സംശയം ഉള്ളത്, അയാളെ കേന്ദ്ര ഗവൺമെന്റിന്റെ ഇതിലേക്കുള്ള സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി, അധികാരപ്പെടുത്തുന്ന ഏതെങ്കിലും കസ്റ്റംസ് ഉദ്യോഗസ്ഥനും, സബ് ഇൻസ്പെക്റ്ററുടെ പദവിയിൽ താഴെയല്ലാത്ത പോലീസിലെ ഏതെങ്കിലും ഉദ്യോഗസ്ഥനും, വാറന്റു കൂടാതെ അറസ്റ്റ്ചെയ്യാവുന്നതും ആകുന്നത്ര വേഗത്തിൽ, അങ്ങനെയുള്ള അറസ്റ്റിനുള്ള കാരണങ്ങൾ അയാളെ ആ ഉദ്യോഗസ്ഥൻ അറിയിക്കേണ്ടതും ആകുന്നു.

(2) ഈ വകുപ്പിൻകീഴിൽ അറസ്റ്റ് ചെയ്യുന്ന ഏതൊരു ഉദ്യോഗസ്ഥനും, അറസ്റ്റ് ചെയ്യപ്പെട്ട ആളെ, അനാവശ്യമായ കാലതാമസം കൂടാതെ, ആ കേസ്സിൽ അധികാരിതയുള്ള ഒരു മജിസ്ട്രേറ്റിന്റേയോ അല്ലെങ്കിൽ ഏററവും അടുത്തുള്ള പോലീസ് സ്റ്റേഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥന്റേയോ അടുക്കലേക്ക് കൊണ്ടുപോവുകയോ, അയക്കുകയോ ചെയ്യേണ്ടതും, അങ്ങനെയുള്ള ഏതെങ്കിലും അറസ്റ്റിന്റെ സംഗതിയിൽ ക്രിമിനൽ നടപടി നിയമസംഹിത, 1898 (1898-ലെ 5)-ലെ 61-ാം വകുപ്പിലെ വ്യവസ്ഥകൾ, ആകുന്നത്ര, ബാധകമായിരിക്കുന്നതുമാണ്.

14. ശോധനയ്ക്കും പിടിച്ചെടുക്കലിനുമുള്ള അധികാരം.—(1) കേന്ദ്ര ഗവൺമെൻറിൻെറ ഇതിലേക്കുള്ള സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി, അധികാരപ്പെടുത്തുന്ന ഏതെങ്കിലും കസ്റ്റംസ് ഉദ്യോഗസ്ഥനും, സബ് ഇൻസ്പെക്ടററുടെ പദവിയിൽ താഴെയല്ലാത്ത പോലീസിലെ ഏതെങ്കിലും ഉദ്യോഗസ്ഥനും, ഏതെങ്കിലും സ്ഥലം ശോധനചെയ്യുകയും, ഏതൊരാൾക്കെതിരായാണോ, അയാൾ 12-ാം വകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററം ചെയ്തിട്ടുള്ളതായി ന്യായമായ സംശയം ഉള്ളത്, അയാളിൽ നിന്ന് ഏതെങ്കിലും പാസ്പോർട്ടോ യാത്രാരേഖയോ പിടിച്ചെടുക്കുകയും ചെയ്യാവുന്നതാണ്.

(2) ശോധനകളും പിടിച്ചെടുക്കലുകളും സംബന്ധിച്ച ക്രിമിനൽ നടപടി നിയമസംഹിത, 1898 (1898 ലെ 5)-ലെ വ്യവസ്ഥകൾ, ആകുന്നത്ര, ഈ വകുപ്പിൻകീഴിലെ ശോധനകൾക്കും പിടിച്ചെടുക്കലുകൾക്കും ബാധകമായിരിക്കുന്നതാണ്.

15. കേന്ദ്രഗവൺമെൻറിൻെറ മുൻകൂട്ടിയുള്ള അനുമതി ആവശ്യകമാണെന്ന്.— കേന്ദ്രഗവൺമെൻറിൻേറയോ, അല്ലെങ്കിൽ ആ ഗവൺമെൻറിൻെറ ഇതിലേയ്ക്കുള്ള ലിഖിതമായ ഉത്തരവുവഴി പ്രാധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻേറയോ അധികാരസ്ഥാനത്തിൻേറയോ മുൻകൂട്ടിയുള്ള അനുമതി കൂടാതെ, ഈ ആക്ററിൻകീഴിലെ ഏതെങ്കിലും കുററം സംബന്ധിച്ച് ഏതെങ്കിലും ആൾക്കെതിരായി, യാതൊരു പ്രാസിക്യൂഷനും ആരംഭിക്കാൻ പാടുള്ളതല്ല.

16. ഉത്തമവിശ്വാസപൂർവ്വം എടുക്കുന്ന നടപടിയുടെ സംരക്ഷണം.— ഈ ആക്ററിൻ കീഴിൽ ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാൻ ഉദ്ദേശിക്കുന്നതോ ആയ എന്തിനെങ്കിലും, ഗവൺമെൻറിനോ, ഏതെങ്കിലും ഉദ്യോഗസ്ഥനോ, അധികാരസ്ഥാനത്തിനോ എതിരായി യാതൊരു വ്യവഹാരവും, പ്രാസിക്യൂഷനും അല്ലെങ്കിൽ മററു നിയമ നടപടിയും നിലനില്ക്കുന്നതല്ല.

17. പാസ്പോർട്ടുകളും യാത്രാരേഖകളും കേന്ദ്രഗവൺമെൻറിൻെറ സ്വത്തായിരിക്കുമെന്ന്.— ഈ ആക്ററിൻകീഴിൽ നല്കപ്പെടുന്ന പാസ്പോർട്ടോ യാത്രാരേഖയോ എല്ലായ്പോഴും കേന്ദ്രഗവൺമെൻറിൻെറ സ്വത്തായിരിക്കുന്നതാണ്.

18. 1922-ലെ 7-ാം ആക്ററിൻ കീഴിൽ നാടു മാറിപ്പോകാൻ കഴിയാത്ത ആളുകൾക്ക് പാസ്പോർട്ടുകൾ മുതലായവ നല്കാൻ പാടുള്ളതല്ലെന്ന്.— ഈ ആക്ററിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു വിദേശരാജ്യത്തേക്ക് നാടു മാറിപ്പോകാൻവേണ്ടി അങ്ങനെയുള്ള രാജ്യം സന്ദർശിക്കുന്നതിനായി ഒരാൾ പാസ്പോർട്ടിനോ, തൻെറ പാസ്പോർട്ടിൻമേൽ ഒരു എൻഡോഴ്സ്മെൻറിനോ അപേക്ഷിച്ചിരിക്കുന്നിടത്ത്, നാടുമാറി പാർപ്പ് ആക്ററ്, 1922 (1922-ലെ 7) ലെ വ്യവസ്ഥകളാലോ, അവയ്ക്കു കീഴിലോ അയാൾ, അങ്ങനെയുള്ള രാജ്യത്തേയ്ക്കു നാടുമാറി പോകാൻ അനുവദിക്കപ്പെടാതിരിക്കുകയോ, നാടുമാറി പോകുന്നതിൽനിന്ന് നിരോധിക്കപ്പെടുകയോ ചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ള രാജ്യം സന്ദർശിക്കുന്നതിന്, അതതുസംഗതിപോലെ, അങ്ങനെയുള്ള ആൾക്ക് പാസ്പോർട്ട് നല്കുകയോ അയാളുടെ പാസ്പോർട്ടിൻമേൽ എൻഡോഴ്സ് ചെയ്യുകയോ ചെയ്യാൻ പാടുള്ളതല്ല.

വിശദീകരണം.— ഈ വകുപ്പിന്റെ ആവശ്യത്തിലേക്ക്, "നാടുമാറിപ്പോവുക" "നാട്മാറിപ്പാർപ്പ്" എന്നിവയ്ക്ക് നാടുമാറിപ്പാർപ്പ് ആക്റ്റ്; 1922 (1922-ലെ 7)-ലെ 2-ാം വകുപ്പ് (1)-ാം ഉപവകുപ്പു (ഗ) ഖണ്ഡത്തിൻകീഴിൽ ആ വാക്കുകൾക്ക് നല്കിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

19. ചില രാജ്യങ്ങളിലേയ്ക്കുള്ള യാത്രയ്ക്ക് പാസ്പോർട്ടുകളും യാത്രാരേഖകളും അസാധുവാകുമെന്ന്.— ഒരു വിദേശരാജ്യം—

(ക) ഇൻഡ്യയ്ക്ക് എതിരായി ബാഹ്യാക്രമണം നടത്തിക്കൊണ്ടിരിക്കുന്ന രാജ്യമാണെന്നോ; അല്ലെങ്കിൽ

(ഖ) ഇൻഡ്യയ്ക്ക് എതിരായി ബാഹ്യാക്രമണം നടത്തിക്കൊണ്ടിരിക്കുന്ന രാജ്യത്തെ സഹായിച്ചുകൊണ്ടിരിക്കുന്ന രാജ്യമാണെന്നോ; അല്ലെങ്കിൽ

(ഗ) സായുധ യുദ്ധനടപടികൾ നടന്നുകൊണ്ടിരിക്കുന്ന രാജ്യമാക്കപ്പെടേണ്ടതാണെന്നോ; അല്ലെങ്കിൽ

(ഘ) അവിടേയ്ക്കുള്ള യാത്ര ഇൻഡ്യാഗവൺമെന്റിന്റെ വിദേശകാര്യങ്ങളുടെ നടത്തിപ്പിന് ഗുരുതരമായി കോട്ടം തട്ടിപ്പിക്കുമെന്നുള്ളതുകൊണ്ട്, പൊതുതാത്പര്യത്തിനുവേണ്ടി അങ്ങനെയുള്ള യാത്ര നിയന്ത്രിതരാജ്യമാണെന്നോ,

കേന്ദ്രഗവൺമെന്റ് ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതിൻമേൽ, അങ്ങനെയുള്ള രാജ്യത്തിലൂടെ യാത്ര ചെയ്യുന്നതിനോ, അതു സന്ദർശിക്കുന്നതിനോ ഉള്ള ഒരു പാസ്പോർട്ടോ, യാത്രാരേഖയോ, ഏതെങ്കിലും സംഗതിയിൽ നിർണ്ണയിക്കപ്പെടുന്ന അധികാരസ്ഥാനം നിർണ്ണയിക്കപ്പെടുന്ന ഫാറത്തിൽ, അതിലേക്ക് ഒരു പ്രത്യേക എൻഡോഴ്സ്മെന്റ് ചേർക്കാത്തപക്ഷം, അങ്ങനെയുള്ള യാത്രയ്ക്കോ സന്ദർശനത്തിനോ സാധുവല്ലാതായിത്തീരുന്നതാണ്.

20. ഇൻഡ്യൻ പൗരൻമാരല്ലാത്ത ആളുകൾക്ക് പാസ്പോർട്ടുകളും യാത്രാരേഖകളും നല്കുന്നത്.—പാസ്പോർട്ടോ യാത്രാരേഖയോ നല്കുന്നതു സംബന്ധിച്ചുള്ള മുൻപറഞ്ഞ വ്യവസ്ഥകളിൽ, എന്തുതന്നെ അടങ്ങിയിരുന്നാലും, ഇൻഡ്യയിലെ പൗരനല്ലാത്ത ഒരാൾക്ക് ഒരു പാസ്പോർട്ടോ യാത്രാരേഖയോ നല്കുകയോ നല്കിക്കുകയോ ചെയ്യുന്നത് പൊതുതാത്പര്യത്തിന് ആവശ്യകമാണെന്ന് കേന്ദ്രഗവൺമെന്റിന് അഭിപ്രായമുണ്ടെങ്കിൽ, അതിന് അപ്രകാരം ചെയ്യാവുന്നതാണ്.

21. പ്രത്യായോജനം ചെയ്യാനുള്ള അധികാരം.—കേന്ദ്രഗവൺമെന്റിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, 6-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ (ഘ) ഖണ്ഡത്തിൻകീഴിലെ അധികാരമോ, ആ വകുപ്പ് (2)-ാം ഉപവകുപ്പിലെ (i)-ാം ഖണ്ഡത്തിൻ കീഴിലെ അധികാരമോ 24-ാം വകുപ്പിൻ കീഴിലെ അധികാരമോ അല്ലാത്തതും ഈ ആക്റ്റിൻകീഴിൽ അതിന് പ്രയോഗിക്കുകയോ നിർവ്വഹിക്കുകയോ ചെയ്യാവുന്നതുമായ ഏതെങ്കിലും അധികാരമോ ചുമതലയോ, അത് ആ വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന വിഷയങ്ങൾ സംബന്ധിച്ചും, വിനിർദ്ദേശിക്കുന്ന ഉപാധികൾ വല്ലതുമുണ്ടെങ്കിൽ അവയ്ക്ക് വിധേയമായും,

(ക) കേന്ദ്രഗവൺമെന്റിന് കീഴിലുള്ളതും വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്നതുമായ ഉദ്യോഗസ്ഥനോ അധികാരസ്ഥാനത്തിനോ;

(ഖ) ഏതെങ്കിലും സ്റ്റേറ്റ് ഗവൺമെൻറിനോ അല്ലെങ്കിൽ വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന ഏതെങ്കിലും ഗവൺമെൻറിന് കീഴിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരസ്ഥാനത്തിനോ; അല്ലെങ്കിൽ

(ഗ) ഇൻഡ്യയുടെ നയതന്ത്രമിഷൻ ഇല്ലാത്ത ഏതെങ്കിലും വിദേശ രാജ്യത്തിൽ വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന വിദേശകാൺസുലർ ആഫീസർക്കോ, പ്രയോഗിക്കുകയോ നിർവ്വഹിക്കുകയോ ചെയ്യാവുന്നതാണെന്ന് നിദേശിക്കാവുന്നതാണ്.

22. <u>ഒഴിവാക്കാനുള്ള അധികാരം.</u>— (ക) ഏതെങ്കിലും ആളേയോ, തരം ആളുകളേയോ ഈ ആക്റ്റിലേയോ അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലേയോ എല്ലാ വ്യവസ്ഥകളുടേയുമോ അവയിൽ ഏതിൻേറയെങ്കിലുമോ പ്രവർത്തനത്തിൽ നിന്ന് ഒഴിവാക്കുകയും;

(ഖ) അങ്ങനെയുള്ള ഏതെങ്കിലും വിജ്ഞാപനം റദ്ദാക്കുകയും ആ ആളേയോ തരം ആളുകളേയോ ഒരു സദൃശവിജ്ഞാപനംവഴി വീണ്ടും അങ്ങനെയുള്ള വ്യവസ്ഥകളുടെ പ്രവർത്തനത്തിന് വിധേയമാക്കുകയും,

ചെയ്യുന്നത് പൊതുതാത്പര്യത്തിന് ആവശ്യകമാണെന്നോ, സമീചീനമാണെന്നോ കേന്ദ്രഗവൺമെൻറിന് അഭിപ്രായമുള്ളിടത്ത്, അതിന് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴിയും, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന ഉപാധികൾ വല്ലതുമുണ്ടെങ്കിൽ, അവയ്ക്ക് വിധേയമായും, അപ്രകാരം ഒഴിവാക്കുകയും, വേണ്ടപ്പോഴൊക്കെ അപ്രകാരം റദ്ദാക്കുകയും, വീണ്ടും വിധേയമാക്കുകയും, ചെയ്യാവുന്നതാണ്.

23. <u>ആക്റ്റ്, ചില അധിനിയമങ്ങൾക്ക് പുറമേയാണെന്ന്.</u>— ഈ ആക്റ്റിലെ വ്യവസ്ഥകൾ, പാസ്പോർട്ട് (ഇൻഡ്യയിലേക്കുള്ള പ്രവേശനം) ആക്റ്റ്, 1920 (1920-ലെ 34), നാടുമാറിപ്പാർപ്പ് ആക്റ്റ്, 1922, വിദേശികളുടെ രജിസ്ട്രേഷൻ ആക്റ്റ്, 1939 (1939-ലെ 16), വിദേശികൾ ആക്റ്റ്, 1946 (1946-ലെ 31) വിദേശവിനിമയം ക്രമപ്പെടുത്തൽ ആക്റ്റ്, 1947 (1947-ലെ 7), ശത്രുവുമായി വ്യാപാരം ചെയ്യൽ (അടിയന്തരാവസ്ഥകൾ തുടരൽ) ആക്റ്റ്, 1947 (1947-ലെ 16), വിദേശികൾ നിയമം (ബാധകതയും ഭേദഗതി ചെയ്യലും) ആക്റ്റ്, 1962 (1962-ലെ 42). വിദേശികളേയും വിദേശവിനിമയത്തേയും സംബന്ധിച്ച മററ് അധിനിയമങ്ങൾ, എന്നിവയിലെ വ്യവസ്ഥകൾക്ക് പുറമേയുള്ളവയും, അവയ്ക്ക് ന്യൂനതവരുത്താത്തവയും ആയിരിക്കുന്നതാണ്.

24. <u>ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.</u>— (1) കേന്ദ്രഗവൺമെൻറിന് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഈ ആക്റ്റിൻെറ ആവശ്യങ്ങൾ നടപ്പാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിൻെറ സാമാന്യതയ്ക്ക് ഭംഗംവരാത്തവിധത്തിലും, അങ്ങനെയുള്ള ചട്ടങ്ങൾക്ക്, താഴെപറയുന്ന എല്ലാ വിഷയങ്ങൾക്കുമോ അവയിൽ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്—

(ക) പാസ്പോർട്ട് അധികാരസ്ഥാനങ്ങളുടെ നിയമനവും, അധികാരിതയും നിയന്ത്രണവും ചുമതലകളും;

(ഖ) ഏതു തരം ആളുകൾക്കാണോ 4-ാം വകുപ്പിലെ യഥാക്രമം (1)-ാം ഉപവകുപ്പിലും (2)-ാം ഉപവകുപ്പിലും പരാമർശിച്ച പാസ്പോർട്ടുകളും യാത്രാരേഖകളും നല്കാവുന്നത്, ആ തരം ആളുകൾ;

(ഗ) പാസ്പോർട്ടോ യാത്രാരേഖയോ നല്കുകയോ പുതുക്കുകയോ ചെയ്യുന്നതിനോ അല്ലെങ്കിൽ പാസ്പോർട്ടിൻമേലോ യാത്രാരേഖയിൻമേലോ ഉള്ള എൻഡോഴ്സ്മെൻറിനോ ഉള്ള അപേക്ഷയുടെ ഫാറവും വിവരങ്ങളും; പുതുക്കലിനുള്ള അപേക്ഷയായിരിക്കുന്നിടത്ത്, അത് ഏതു സമയത്തിനുള്ളിൽ കൊടുത്തിരിക്കണമെന്നുള്ളതും;

(ഘ) പാസ്പോർട്ടുകളും യാത്രാരേഖകളും പ്രാബല്യത്തിൽ തുടരേണ്ട കാലാവധി;

(ങ) ഏതു ഫാറത്തിലും ഉപാധികൾക്ക് വിധേയമായും ആണോ, വ്യത്യസ്ത തരം പാസ്പോർട്ടുകളും യാത്രാരേഖകളും നല്കുകയോ പുതുക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നത്, ആ ഫാറവും ഉപാധികളും ;

(ച) പാസ്പോർട്ടോ യാത്രാരേഖകളോ നല്കുകയോ പുതുക്കുകയോ ചെയ്യുന്നതിനോ, അല്ലെങ്കിൽ പാസ്പോർട്ടിൻമേലോ യാത്രാരേഖയിൻമേലോ ഉള്ള ഏതെങ്കിലും എൻഡോഴ്സ്മെൻറ് വ്യത്യാസപ്പെടുത്തുകയോ അതിൻമേൽ പുതിയ എൻഡോഴ്സ്മെൻറ് ചേർക്കുകയോ ചെയ്യുന്നതിനോ ഉള്ള ഏതെങ്കിലും അപേക്ഷ സംബന്ധിച്ച് കൊടുക്കേണ്ട ഫീസും, ഈ ആക്ററിൻകീഴിലെ ഏതെങ്കിലും അപ്പീൽ സംബന്ധിച്ച് കൊടുക്കേണ്ട ഫീസും;

(ഛ) 11-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ അപ്പീൽ അധികാരസ്ഥാനങ്ങളുടെ നിയമനവും, അങ്ങനെയുള്ള അപ്പീൽ അധികാരസ്ഥാനങ്ങളുടെ അധികാരിതയും, അവ അനുവർത്തിക്കേണ്ട നടപടിക്രമവും ;

(ജ) (നഷ്ടപ്പെട്ടതോ കേടുവന്നതോ നശിക്കപ്പെട്ടതോ ആയ ഒരു പാസ്പോർട്ടിനോ യാത്രാരേഖയ്ക്കോ പകരം, ഡ്യൂപ്ലിക്കേററ് പാസ്പോർട്ടോ ഡ്യൂപ്ലിക്കേററ് യാത്രാരേഖയോ നല്കുന്നത് ഉൾപ്പെടെ) ഒരു പാസ്പോർട്ടോ യാത്രാരേഖയോ സംബന്ധിച്ച് ചെയ്തുകൊടുക്കുന്ന സേവനങ്ങളും അവയ്ക്കുള്ള ഫീസും.

(ഝ) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ, അല്ലെങ്കിൽ ഏതുസംബന്ധിച്ചാണോ ഈ ആക്ററ് വ്യവസ്ഥയൊന്നും ചെയ്യാതിരിക്കുകയോ മതിയാകാത്ത വ്യവസ്ഥ ചെയ്തിരിക്കുകയോ ചെയ്യുകയും കേന്ദ്രഗവൺമെൻറിൻെറ അഭിപ്രായത്തിൽ, ആക്ററ് ശരിയായി നടപ്പാക്കുന്നതിന് വ്യവസ്ഥ ആവശ്യമായിരിക്കുകയും ചെയ്യുന്നത്, അങ്ങനെയുള്ളതോ ആയ മറേറതെങ്കിലും വിഷയം .

(3) ഈ ആക്ററിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതൊരുചട്ടവും, അതു ഉണ്ടാക്കിയതിനുശേഷം ആകുന്നത്രവേഗത്തിൽ പാർലമെൻറ് സമ്മേളനത്തിലിരിക്കുമ്പോൾ, അതിൻെറ ഓരോ സഭയുടേയും മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടു സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതു ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും, ഏതുസമ്മേളനത്തിലാണോ അതു അപ്രകാരം വച്ചിട്ടുള്ളത്, ആ സമ്മേളനമോ അതിന് തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ്, ഇരു സഭകളും ആ ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ചട്ടത്തിന് അതതുസംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. :

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പ് ചെയ്യപ്പെട്ടിട്ടുള്ള എന്തിൻേറയെങ്കിലും സാധുതയ്ക്കു ഭംഗം വരാത്തവിധത്തിലായിരിക്കുന്നതാണ്.

25. 1920-ലെ 34-ാം ആക്ററിന്റെ ചുരുക്കപ്പേര് മാററൽ .— ഇൻഡ്യൻ പാസ്പോർട്ട് ആക്ററ്, 1920 1-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിൽ "ഇൻഡ്യൻ പാസ്പോർട്ട് ആക്ററ്, 1920" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം, "പാസ്പോർട്ട് (ഇൻഡ്യയിലേയ്ക്കുള്ള പ്രവേശനം) ആക്ററ്, 1920" എന്ന വാക്കുകളും, ബ്രായ്ക്കററുകളും, അക്കങ്ങളും ചേർക്കപ്പെടുന്നതാകുന്നു.

26. ചില പാസ്പോർട്ടുകളും അപേക്ഷകളും സംബന്ധിച്ച ഒഴിവാക്കൽ (1) 1967-ലെ പാസ്പോർട്ടുകൾ ആർഡിനൻസി (1967-ലെ 4)-ന്റെ പ്രാരംഭത്തിനുമുമ്പ് *കേന്ദ്രഗവൺമെൻറോ അതിന്റെ പ്രാധികാരത്തിൻ കീഴിലോ* നല്കിയിട്ടുള്ളതും അങ്ങനെയുള്ള പ്രാരംഭത്തിനുതൊട്ട് മുമ്പ് പ്രാബല്യത്തിലുണ്ടായിരുന്നതുമായ ഏതൊരു പാസ്പോർട്ടും യാത്രാരേഖയും, ഈ ആക്ററിൻകീഴിൽ നല്കപ്പെട്ടിട്ടുള്ളതായി കരുതപ്പെടുന്നതും, ഈ ആക്ററിലെ വ്യവസ്ഥകൾക്കു വിധേയമായി,—

(ക) ഏതു കാലാവധിയ്ക്കാണോ അങ്ങനെയുള്ള പാസ്പോർട്ടോ യാത്രാരേഖയോ നല്കപ്പെട്ടിരുന്നത്, ആ കാലാവധിയുടെ കഴിയാൻ ബാക്കിയുള്ള ഭാഗമോ; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള പ്രാരംഭംമുതൽ അഞ്ചുവർഷക്കാലാവധിയോ, ഏതാണ് കുറവായിട്ടുള്ളത്, ആ കാലാവധി പ്രാബല്യത്തിൽ തുടരുന്നതുമാകുന്നു.

(2) ഒരു പാസ്പോർട്ടോ യാത്രാരേഖയോ നല്കുകയോ പുതുക്കുകയോ ചെയ്യുന്നതിനോ, അല്ലെങ്കിൽ അതിൻമേൽ ഒരു എൻഡോഴ്സ്മെൻറ് ചേർക്കുന്നതിനോ, അല്ലെങ്കിൽ അതു സംബന്ധിച്ച് ഏതെങ്കിലും സേവനം നിർവ്വഹിച്ചുകൊടുക്കുന്നതിനോ ആയി കേന്ദ്രഗവൺമെൻറിനോ, അതിലേക്ക് ആ ഗവൺമെൻറ് നിയമിക്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരസ്ഥാനത്തിനോ, 1967 മേയ് 5-ാം തീയതിക്ക് മുമ്പ് കൊടുത്തിട്ടുള്ളതും ഈ ആക്ററിന്റെ പ്രാരംഭത്തിന് മുമ്പ് നിലവിലുണ്ടായിരുന്നതുമായ എല്ലാ അപേക്ഷകളും അങ്ങനെയുള്ള പ്രാരംഭത്തിനുശേഷം ഈ ആക്ററിലെ വ്യവസ്ഥകൾ അനുസരിച്ച് തീർച്ച ചെയ്യപ്പെടുന്നതാകുന്നു.

27. റദ്ദാക്കലും ഒഴിവാക്കലും .—(1) പാസ്പോർട്ട് ആർഡിനൻസ്, 1967 (1967-ലെ 4) ഇതിനാൽ റദ്ദാക്കപ്പെട്ടിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയെന്നിരുന്നാലും മുൻപറഞ്ഞ ആർഡിനൻസിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടാവുന്നതോ ആയ എന്തെങ്കിലുമോ, അല്ലെങ്കിൽ എടുത്തതോ എടുത്തതായി കരുതപ്പെടാവുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്ററ് 1967 മേയ് 5-ാം തീയതി പ്രാരംഭത്തിൽ വന്നിട്ടുണ്ടായിരുന്നാലെന്നപോലെ, ഈ ആക്ററിൻകീഴിൽ ചെയ്തതോ എടുത്തതോ ആയി കരുതപ്പെടുന്നതാകുന്നു.

———